## ഏലിയാ സ്ലീവാക്കാലം ആറാം ഞായർ

**ലൂക്കാ 8:41-56**

# രക്തസ്രാവക്കാരി സുഖം പ്രാപിക്കുന്നു; ജായ്റോസിന്റെ മകളെ പുനർജീവിപ്പിക്കുന്നു

**റവ.ഡോ. ജോസ് ഓലിയപ്പുറത്ത്**

രക്തസ്രാവക്കാരിയെ സുഖപ്പെടുത്തുന്നതും ജായ്റോസിന്റെ മകളെ പുനരുജ്ജീവിപ്പിക്കുന്നതുമായ രണ്ടു കാര്യങ്ങളാണ് ഇന്നത്തെ സുവിശേഷഭാഗം പങ്കുവയ്ക്കുന്നത്. സമാന്തര സുവിശേഷങ്ങളിൽ ഒരു പോലെ കാണുന്ന ഭാഗമാണിതെങ്കിലും (മത്താ 9:18-26; മർക്കോ 5:21-43) മത്തായിയുടെ വിവരണം മർക്കോസിന്റെയും ലൂക്കായുടെയും വിവരണങ്ങളിൽ നിന്നും വേറിട്ടു നില്ക്കുന്നു. ലൂക്കാ സുവിശേഷകൻ മർക്കോസിന്റെ സുവിശേഷത്തിന്റെ ചുവടുപിടിച്ചാണ് ഈ സംഭവങ്ങൾ അവതരിപ്പിച്ചിരിക്കുന്നതെങ്കിലും താൻ ലക്ഷ്യംവച്ച ക്രൈസ്തവ സമൂഹത്തിനു യോജിച്ച വിധത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

ഗരസേനരുടെ നാട്ടിലെത്തി അവിടെ പിശാചുബാധിതനായി അലഞ്ഞുനടന്ന ഒരുവനെ സുഖപ്പെടുത്തി അവന്റെ വീട്ടിലേക്കു അയച്ചതിനു ശേഷം വീണ്ടും കഫർണാമിൽ എത്തിയതിനു ശേഷമാണ് ഈ സംഭവങ്ങൾ അരങ്ങേറുന്നതെന്ന് വിവരണത്തിന്റെ പ്രാരംഭത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയും (ലൂക്കാ 8:40-41). യേശുവിന്റെ അസാന്നിധ്യം അവിടുത്തെ ജനങ്ങളെ അസ്വസ്ഥപ്പെടുത്തിയിരുന്നെന്ന് സുവിശേഷകൻ ആദ്യമേ തന്നെ സൂചിപ്പിക്കുന്നുണ്ട് (ജനക്കൂട്ടം അവനെ സ്വാഗതം ചെയ്തു; എല്ലാവരും അവനെ കാത്തിരിക്കുകയായിരുന്നു).

കഫർണാമിലെ സിനഗോഗധികാരിയായ ജായ്റോസ് യേശുവിന്റെ പക്കൽവന്ന് തന്റെ ആസന്നമരണയായ മകളെ കാണാൻ യേശു വരണമെന്ന അപേക്ഷയുമായി കാൽക്കൽ വീണു. യേശു ജായ്റോസിന്റെ ഭവനത്തിലേക്കു പോകുന്ന വഴി മധ്യേയാണ് ഇന്നത്തെ സുവിശേഷഭാഗം പറയുന്ന ആദ്യസംഭവം നടക്കുന്നത്. രക്തസ്രാവം ബാധിച്ച യഹൂദസ്ത്രീ യഹൂദവിധി പ്രകാരം അസ്പർശയായിരുന്നു. മാത്രമല്ല, ആർക്കും സുഖപ്പെടുത്താൻ കഴിയാത്തവളും പന്ത്രണ്ടു വർഷമായി രോഗബാധിതയുമായിരുന്നു. യേശുവിന്റെ വസ്ത്രാഞ്ചലത്തിൽ സ്പർശിച്ചത് അവളാണ്. സുവിശേഷകനായ മർക്കോസിന്റെ വിവരണപ്രകാരം അവളുടെ മനോഭാവം പ്രകടമാകുന്ന ഒരു വാചകം കൂടി കാണാം. ലൂക്കാ തന്റെ വിവരണത്തിൽ അത് ഒഴിവാക്കിയിട്ടുണ്ടെങ്കിലും അതു പ്രധാനപ്പെട്ടതാണ്. അവന്റെ വസ്ത്രാഞ്ചലത്തിൽ ഒന്നു തൊട്ടാൽ മതി ഞാൻ സുഖം പ്രാപിക്കും (മർക്കോ 5:28) എന്ന് അവൾ വിചാരിച്ചിരുന്നു. കർത്താവായ യേശുവിലുള്ള ആ സ്ത്രീയുടെ ആത്മവിശ്വാസം കാണിക്കുന്ന വചനമാണിത്. കർത്താവിന്റെ വസ്ത്രാഞ്ചലത്തിൽ സ്പർശിച്ച അവൾ തത്ക്ഷണം സുഖം പ്രാപിച്ചു. യേശു അതറിഞ്ഞുവെന്നു മാത്രമല്ല അതാരാണെന്ന് അന്വേഷിക്കുക കൂടി ചെയ്തു. ജനങ്ങൾ തിക്കിത്തിരക്കുന്നതിനിടെ സംഭവിച്ച കാര്യമാണെങ്കിൽ കൂടി യേശു അതറിഞ്ഞു. മാത്രമല്ല, യേശു അതു പരസ്യമായി പറയുക കൂടി ചെയ്തു (എന്നിൽ നിന്നും ശക്തി നിർഗമിച്ചിരിക്കുന്നു). യേശുവിന്റെ ഓരോ ചലനവും ഓരോ പ്രവൃത്തിയും ഓരോ വാക്കും ദൈവികപദ്ധതിയുടെ ഭാഗവും ദൈവമഹത്ത്വത്തിന്റെ പ്രകടനവുമായിരുന്നു. പിതാവിന്റെ കാര്യങ്ങളിൽ സദാ വ്യാപൃതനാണ് യേശു. അതിനാൽ അവന്റെ എല്ലാ ചലനങ്ങളും ദൈവമഹത്ത്വത്തിന്റെ ഭാഗമാണ്. ഈ സംഭവ വിവരണത്തിന്റെ ലക്ഷ്യം 8:48-ൽ പറയുന്നുണ്ട്. രക്തസ്രാവമെന്ന അസുഖം പൂർണമായി ഭേദമായ ആ സ്ത്രീയുടെ വിശ്വാസം. യേശു ദൈവമാണെന്നും തന്റെ രോഗം ഭേദമാക്കാൻ സമൂഹത്തിലെ തന്റെ അപമാനം നീക്കിക്കളയാൻ, തന്റെ അസ്പർശ്യത മാറ്റാൻ അവനെ ഒന്നു സ്പർശിച്ചാലെങ്കിലും മതി എന്ന വിശ്വാസം. കർത്താവിന്റെ സാന്നിധ്യത്തിലൂടെ സംഭവിക്കുന്ന വലിയ മാറ്റം... ആന്തരികവും ഭൗതികവുമായ സമ്പൂർണ രൂപാന്തരീകരണം.

രണ്ടാമത്തെ സംഭവവും ഏതാണ്ടിതേ കാര്യമാണ് ലക്ഷ്യമാക്കുന്നതെന്ന് വിവരണശൈലിയിൽ നിന്നും വ്യക്തമാണ്. ജായ്റോസ് യേശുവിനെ വന്നു കണ്ട സമയത്തെ പശ്ചാത്തലം രക്തസ്രാവക്കാരിയെ സുഖപ്പെടുത്തുന്ന സംഭവ വിവരണത്തിനുശേഷം മാറുന്നതായി കാണാം. രോഗബാധിതയായ ബാലിക മരിച്ചുവെന്ന സന്ദേശവും അതോടൊപ്പം ഇനി പ്രതീക്ഷയർപ്പിച്ചിട്ടു

കാര്യമൊന്നുമില്ല എന്ന ധ്വനി തരുന്ന സന്ദേശമാണ് ഇനി ഗുരുവിനെ ബുദ്ധിമുട്ടിക്കണമെന്നില്ല (ലൂക്കാ 8:49) എന്ന വാക്കുകളിൽ പ്രകടമാകുന്നത്. എന്നാൽ ഇവിടെ യേശുവിന്റെ വാക്കുകൾ പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നതാണ്. ജായ്റോസിന്റെ ഭൃത്യരുടെ വാക്കുകൾ കേട്ട യേശു പറഞ്ഞു: ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക അവൾ സുഖം പ്രാപിക്കും. ഇവിടെ ആ പെൺകുട്ടി മരിച്ചതായി പോലും യേശു സൂചിപ്പിക്കുന്നില്ല. കാരണം അവൾ ഉയിർത്തെഴുന്നേൽക്കും എന്നല്ല യേശു പറയുന്നത് പിന്നെയോ അവൾ സുഖം പ്രാപിക്കും എന്നാണ്. വീണ്ടും, ഭവനത്തിൽ എത്തിയ ശേഷം യേശു പറയുന്നു: നിങ്ങൾ കരയുകയും വിലപിക്കുകയുമൊന്നും വേണ്ടി കുട്ടി മരിച്ചിട്ടില്ല, ഉറങ്ങുകയാണ് എന്നാണ്.

തന്റെ ദൗത്യത്തിൽ പരിപൂർണ ഉറപ്പുള്ളവനായി യേശു കാണപ്പെടുന്നു. മാനുഷിക കാഴ്ചപ്പാടുകൾക്കതീതമായി ദൈവത്തിന്റെ കാഴ്ചപ്പാടിലാണ് അവൻ. കാരണം ഭൂമിയിലെ ദൈവസാന്നിധ്യമാണ് അവിടുന്ന്. ഭൗതികമായി മാത്രം കാണുകയും തെളിവുകളുടെയും നിരീക്ഷണങ്ങളുടെയും മാത്രം അടിസ്ഥാനത്തിൽ മാത്രം വിലയിരുത്തുകയും ചെയ്യുന്നവരുടെ പരിഹാസവും പരിദേവനങ്ങളും ഉണ്ടെങ്കിലും യേശു അക്ഷോഭ്യനാണ്. കാരണം ദൈവമാണ് തന്നിൽ പ്രവർത്തിക്കുന്നതെന്നും ദൈവത്തിന്റെ പ്രവൃത്തികളാണ് താൻ ചെയ്യുന്നതെന്നും അവനു ബോധ്യമുണ്ടായിരുന്നു. തന്നോടു ചേരുന്നവരെയും തന്റെ മനസ്സറിയുന്നവരെയും മാത്രം കൂട്ടിക്കൊണ്ടാണ് മൃതയായ ബാലികയെ കാണാൻ യേശു പോകുന്നത്. യേശുവിനോടു സഹകരിക്കുകയും അവന്റെ മനസ്സറിഞ്ഞ് പെരുമാറുകയും ചെയ്യുന്നവർ അവനിലൂടെ സംഭവിക്കുന്ന അദ്ഭുതപ്രവൃത്തികൾക്ക് സാക്ഷികളാകും. അവർ അവനിലൂടെ ദൈവാനുഭവത്തിന് അർഹരായിത്തീരും.

ഇവിടെ ബാലികയെ ജീവനിലേക്കു തിരികെ കൊണ്ടുവരുന്ന വിവരണത്തിലും ബാലികയുടെ കൈക്കുപിടിച്ച് അവളെ വിളിച്ചുകൊണ്ട് യേശു പറഞ്ഞു: ബാലികേ എഴുന്നേല്ക്കുക. അപ്പോൾ അവളുടെ ജീവൻ തിരികെ വന്നുവെന്നും അവൾ എഴുന്നേറ്റിരുന്നുവെന്നും വിശുദ്ധ ലൂക്കാ പറയുന്നു. മർക്കോസ് സുവിശേഷകനാട്ടെ അവൾ എഴുന്നേറ്റു നടന്നുവെന്നും അവൾക്കു പന്ത്രണ്ടു വയസ്സുണ്ടായിരുന്നെന്നും പറയുന്നു (മർക്കോ 5:42–43). ലൂക്കാ സുവിശേഷകൻ ഈ പരമാർശം ഒഴിവാക്കിയത് യേശു നടത്തിയ അദ്ഭുതപ്രവൃത്തിയുടെ സ്വഭാവികത കളയണ്ടയെന്നു കരുതിയായിരിക്കണം. അതുപോലെ ബാലികേ എഴുന്നേല്ക്കുക എന്നതിന്റെ അറമായ പദവും ലൂക്കാ ഒഴിവാക്കുന്നുണ്ട്. അത് ഗ്രീക്കു സ്വാധീനമുള്ള സമൂഹത്തിന് എഴുതുന്നതു കൊണ്ടായിരിക്കണമെന്നു പണ്ഡിതമതം. അവിടെ നടന്ന കാര്യത്തിൽ ബാലികയുടെ മാതാപിതാക്കന്മാർ അദ്ഭുതസ്തബ്ധരായെന്നും എന്നാൽ ഇക്കാര്യത്തെക്കുറിച്ച് ആരോടും പറയരുതെന്ന് യേശു കല്പിച്ചുവെന്നും പറയുന്നു. ഇത് ദൈവരാജ്യത്തിന്റെ രഹസ്യാത്മകത കാണിക്കാനുള്ള രചനാശൈലിയായിരിക്കാം. ഏതായാലും ഇന്നത്തെ സുവിശേഷ ഭാഗത്തെ ഈ രണ്ടു സംഭവങ്ങളും വിശ്വാസാധിഷ്ഠിത ജീവിതത്തെയാണ് ഉയർത്തിപ്പിടിക്കുന്നത്. യേശുക്രിസ്തുവിൽ പൂർണമായി വിശ്വാസവും അർപ്പണമനസ്സും ഉണ്ടാകണം അവിടുന്നിൽ വിശ്വസിക്കുന്നവർക്ക് അവൻ ജീവനും സന്തോഷവും; അവമാനത്തിലും ദുഃഖത്തിലും കഴിയുന്നവർക്ക് ആശ്വാസവും അഭിമാനവുമാണ്.